പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3500

14.10.2011 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. സാജു പോൾ ;<br>ശ്രീ. എ. പ്രദീപ്കുമാർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) 2007-ൽ ഒപ്പുവച്ച സ്മാർട്ട്സിറ്റി ഫ്രെയിംവർക്ക് കരാറിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തില്ല എന്ന ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് വിരുദ്ധമായി സ്മാർട്ട്സിറ്റി പദ്ധതി 246 ഏക്കറിലായിരിക്കുമെന്നും ഈ 246 ഏക്കറും ഒരു സെക്ടർ സ്പെസിഫിക് സെസ് ആയിരിക്കുമെന്നുമുള്ള വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഇല്ല. |
| ബി) സ്മാർട്ട്സിറ്റി പദ്ധതിക്കുവേണ്ടി നാലേക്കർ ഭൂമി കൂടി ടീകോമിന് നൽകാനും 2007-ലെ ഫ്രെയിംവർക്ക് കരാറിന് വിരുദ്ധമായി സ്മാർട്ട്സിറ്റിയെ ഒരു മൾട്ടി സർവ്വീസസ് സെസ് ആക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അധികമായി വരുന്ന നാലേക്കർ ഭൂമിക്ക് എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത്; | ബി) സ്മാർട്ട്സിറ്റിയോടു ചേർന്നു കിടക്കുന്ന കിൻഫ്രയുടെ നാലേക്കർ സ്ഥലം കൂടി വിലയ്ക്ക് നൽകണമെന്ന് 23.06.2011ൽ കൂടിയ യോഗത്തിൽ വച്ച് സ്മാർട്ട് സിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമിക്ക് വില നിശ്ചയിച്ചിട്ടില്ല. |
| സി) സ്മാർട്ട്സിറ്റിയെ ഐ.ടി. സെസ് എന്നതിൽ നിന്നും സർവ്വീസസ് സെസ് എന്നാക്കാൻ മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു തീരുമാനം പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ